

എൻ.ഐ.ടി.യിൽനടന്ന നിർമാൺ-2016

# 'നിർമാൺ- 2016'; സമൂഹനന്മയ്ക്കായി ഗവേഷണസ്ഥാപനങ്ങൾ ഒന്നിക്കുന്നു

**ചാത്തമംഗലം:** സമൂഹനന്മയ്ക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ ഉന്നതപഠനഗവേഷണസ്ഥാപനങ്ങളെ സഹകരിപ്പിച്ച് പ്രവർത്തിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 'നിർമാൺ-2016' എൻ.ഐ.ടിയിൽ തുടങ്ങി.

പ്രമുഖ സ്ഥാപനങ്ങളായ എൻ.ഐ.ടി., സി.ഡബ്ല്യു.ആർ.ഡി.എം., കാലിക്കറ്റ് യൂണിവേഴ്സിറ്റി, ഐ.ഐ.എം., സുഗന്ധവിളഗവേഷണകേന്ദ്രം, ഗവ. മെഡിക്കൽ കോളേജ്, ഡെൻറൽ കോളേജ്, എൻജിനീയറിങ് കോളേജ്, എൻ.ഐ.ഇ.എൽ.ഐ.ടി എന്നിവയുടെ മേധാവികളെ പങ്കെടുപ്പിച്ചാണ് സംയുക്ത സമ്മേളനം എൻ.ഐ.ടി. ഗസ്റ്റ്ഹൗസിൽ ചേർന്നത്.

മാലിന്യനിർമാർജനം, മഴവെള്ളസംഭരണം, വിവരസാങ്കേതികവിദ്യ, ഊർജസാങ്കേതികവിദ്യ തുടങ്ങിയ മേഖലകളെ സമൂഹനന്മയ്ക്കായി ഉപയോഗപ്പെടുത്തണമെന്ന് ചർച്ചയിൽ ആവശ്യമുയർന്നു. എൻ.ഐ.ടി. ഡയറക്ടർ ഡോ. ശിവജി ചക്രവർത്തിയുടെ നേതൃത്വത്തിൽനടന്ന ചർച്ചയിൽ ഡോ. വി.പി. ദിനേശൻ, ഡോ. പി.എസ്. ഹരികുമാർ, പി. ജയകുമാർ, പ്രൊഫ. റോസമ്മ ജോസഫ്, ഡോ. വി.എസ്. ഷീബ, ഡോ. ജിജി സെബാസ്റ്റ്യൻ, ഡോ. പി.പി.സജിത്, ഡോ. പി.പി. സതി, ഡോ. തോമസ് ബിന, ഡോ. ദേബബ്രത ചാറ്റർജി എന്നിവർ ആശയങ്ങൾ പങ്കുവെച്ചു. നിർമാണിന്റെ അടുത്ത യോഗം സപ്തംബറിൽ കോഴിക്കോട് സുഗന്ധവിള ഗവേഷണകേന്ദ്രത്തിൽ നടക്കും.